"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ് - ശ്രീ.ധനഞ്ജയ ദാസ്.ടി.വി. ഐഎസ്എച്ച്ഒ- യുടെ പേരിൽ ചുമത്തിയിരുന്ന പിഴവാടക ഒഴിവാക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആഭ്യന്തര (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.2582/2026/HOME തീയതി,തിരുവനന്തപുരം, 05-08-2026

പരാമർശം:- 1. വഴിക്കടവ് പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ ശ്രീ.ധനഞ്ജയ ദാസ്.ടി.വി.യുടെ 07.07.2025 തീയതിയിലെ അപേക്ഷ.

2. സംസ്ഥാന പോലീസ് മേധാവിയുടെ 04.04.2026 തീയതിയിലെ H14-228224/2024/PHQ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ശ്രീ.ധനഞ്ജയദാസ് ടി.വി. ഐഎസ്എച്ച്ഒ കോഴിക്കോട് സിറ്റിയിലുള്ള നടക്കാവ് പോലീസ് ക്വാർട്ടേഴ്സ് കോംപ്ളക്സിലെ ഫാമിലി ക്വാർട്ടേഴ്സ് നം. ഡി 10-ൽ താമസിച്ച് വരികെ ടിയാന് ഇടുക്കിയിലെ കരിമണ്ണൂർ പോലീസ് സ്റ്റേഷനിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുകയും തുടർന്ന ക്വാർട്ടേഴ്സിലെ താമസം 31.03.2024 വരെ ദീർഘിപ്പിച്ച് നൽകുകയും ചെയ്തു.ടിയാന്റെ കുട്ടികൾ കോഴിക്കോട് സിറ്റിയിൽ പഠിക്കുന്നതിനാൽ ടിയാൻ 29.03.2024 ൽ പ്രസ്തുത ക്വാർട്ടേഴ്സിലെ താമസം 6 മാസത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിന് അപേക്ഷ നൽകിയെങ്കിലും ക്വാർട്ടേഴ്സ് അലോട്ട്മെന്റിനായി കോഴിക്കോട് സിറ്റിയിലുള്ള പോലീസ് ഉദ്യോഗസ്ഥരുടെ അപേക്ഷകൾ പെൻഡിംഗ് ഉള്ളതിനാൽ ടിയാന്റെ അപേക്ഷ നിരസിച്ചു. ടിയാൻ പിന്നീട് 31.08.2024 ൽ ക്വാർട്ടേഴ്സ് ഒഴിഞ്ഞു. ടിയാൻ പ്രസ്തുത ക്വാർട്ടേഴ്സിൽ 01.04.2024 മുതൽ 31.08.2024 വരെ അനുമതിയില്ലാതെ താമസിച്ച സാഹചര്യത്തിൽ ടിയാന്റെ പേരിൽ 65,137.50 രൂപ പിഴ വാടക കണക്കാക്കിയിട്ടുള്ളതായും,പിഴ വാടകയിൽ നിന്നും ഒഴിവാക്കുന്നതിനായി ടിയാൻ അപേക്ഷ നൽകിയതായും കാണിച്ച് ടിയാന്റെ അപേക്ഷ സഹിതം സംസ്ഥാന പോലീസ് മേധാവി പരാമർശം (2) പ്രകാരം സർക്കാരിൽ പ്രപ്പോസൽ സമർപ്പിച്ചു.

ടിയാൻ പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷയിൽ ടിയാന്റെ കുട്ടികൾ കോഴിക്കോട് സിറ്റിയിൽ പഠിച്ചിരുന്നതിനാലും ടിയാന്റെ അച്ഛൻ പക്ഷാഘാതത്തെ തുടർന്ന് കോഴിക്കോട് ബേബിമെമ്മോറിയൽ ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്നതിനാലും അമ്മ ആർത്രൈറ്റിസ് രോഗത്തെ തുടർന്ന് കോഴിക്കോട് മിംസ് ഹോസ്പിറ്റലിൽ തുടർ ചികിത്സയിലായിരുന്നതിനാലും ടിയാൻ

ഡ്യൂട്ടിക്കിടയിലുള്ള അപകടത്തെ തുടർന്ന് ഡിസ്ക് സംബന്ധമായ പ്രശ്നത്തിന് കോഴിക്കോട് സിറ്റി **GMC Ortho** ഹോസ്പിറ്റലിൽ ചികിത്സയിൽ കഴിഞ്ഞതിനാലും നിലവിലുള്ള താമസ സ്ഥലത്ത് നിന്നും മാറി നിൽക്കാൻ കഴിയാത്ത പ്രതിസന്ധി സാഹചര്യമായിരുന്നു ഉണ്ടായിരുന്നതെന്നും പ്രസ്തുത സാഹചര്യങ്ങൾ വിശദീകരിച്ച് **01.08.2024** ൽ സംസ്ഥാന പോലീസ് മേധാവിക്ക് കത്ത് നൽകിയിരുന്നെന്നും തുടർന്ന് ടിയാൻ ക്വാർട്ടേഴ്സ് ഒഴിഞ്ഞുവെന്നും നിലവിൽ **25000/-** രൂപ വാടകയിൽ കോഴിക്കോട് സിറ്റിയിൽ താമസിച്ച് വരുന്നുവെന്നും ആയതിനാൽ ടിയാനിൽ നിന്നും പീനൽ റെന്റ് ഈടാക്കാനുള്ള നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും അഭ്യർഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ശ്രീ.ധനഞ്ജയദാസ് ടി.വി. ഐഎസ്എച്ച്ഒ നൽകിയ പരാമർശം **(1)** ലെ അപേക്ഷ പരിഗണിച്ച്, ടിയാന്റെ പേരിൽ പരാമർശം**(2)** പ്രകാരം കണക്കാക്കിയിട്ടുള്ള പിഴവാടകയിൽ നിന്നും ടിയാനെ ഒഴിവാക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SUNITHA S GEORGE**

ഡെപ്യൂട്ടി സെക്രട്ടറി

**1.**സംസ്ഥാന പോലീസ് മേധാവി,തിരുവനന്തപുരം.

**2.**പോലീസ് കമ്മീഷണർ, കോഴിക്കോട് സിറ്റി.

**3.**ശ്രീ.ധനഞ്ജയ ദാസ്.ടി.വി, ഇൻസ്പെക്ടർ ഓഫ് പോലീസ്, വഴിക്കടവ് പോലീസ് സ്റ്റേഷൻ,മലപ്പുറം

**4.**ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ, ഐ&പി ആർഡി

**5.**കരുതൽ ഫയൽ ( **D3/68/2026-HOME** )

ഉത്തരവിൻ പ്രകാരം

Digitally signed by
Santhosh Mon T
Date: 06-08-2026
10:22:00

സെക്ഷൻ ഓഫീസർ